ആർ.ഒ.സി.നം.41/16/എസ്.

ദേവസ്വം കമ്മീഷണർ ഓഫീസ്
തിരുവനന്തപുരം: 19/07/2016.

## ദേവസ്വം കമ്മീഷണറുടെ നടപടി ഉത്തരവ്

വിഷയം:- 2016-17-ലെ നെയ്യാറ്റിൻകര ഗ്രൂപ്പിനുള്ളിലെ ഫുൾടൈം ശാന്തിക്കാരുടെ സ്ഥലം മാറ്റം സംബന്ധിച്ച്.

സൂചന:- ജീവനക്കാരുടെ അപേക്ഷകൾ.

2016-17-ലെ നെയ്യാറ്റിൻകര ഗ്രൂപ്പിനുള്ളിലെ ഫുൾടൈം ശാന്തിക്കാരുടെ സ്ഥലം മാറ്റം സംബന്ധിച്ച് ചുവടെ വിവരിക്കും പ്രകാരം നടപടി സ്വീകരിച്ചിട്ടുള്ളതാണ്.

1) **ശ്രീ. എസ്. ഈശ്വരൻപോറ്റി**

ആവശ്യപ്പെട്ട ദേവസ്വങ്ങൾ- തളിയാടിച്ചപുരം, കൂട്ടപ്പന, ഒറ്റശ്ശേഖരമംഗലം എന്നീ ക്രമത്തിലാണ്. ടിയാൻ ആവശ്യപ്പെടാത്ത വീരണകാവ് ദേവസ്വത്തിലേയ്ക്കാണ് സ്ഥലംമാറ്റം നൽകിയതെന്നും, ഒഴിവു വരുന്ന രാമേശ്വരം ദേവസ്വത്തിൽ ടിയാനെ പരിഗണിക്കണമെന്നുമാണ് അപേക്ഷയിലെ ആവശ്യം.

ശ്രീ. ഈശ്വരൻപോറ്റിയെ കൂട്ടപ്പന ദേവസ്വത്തിലേയ്ക്ക് സ്ഥലം മാറ്റം നൽകി അപ്പീൽ തീർപ്പാക്കുന്നു.

2) **ശ്രീ. ജി. ഗോവിന്ദൻനമ്പൂതിരി**

ആവശ്യപ്പെട്ട ദേവസ്വങ്ങൾ - കേളേശ്വരം, കുളപ്പട, കൂട്ടപ്പന എന്നീ ക്രമത്തിലാണ് ടിയാന്റെ ഒന്നാം ചോയിസായ കേളേശ്വരം ദേവസ്വത്തിലേയ്ക്ക് സ്ഥലം മാറ്റം വേണമെന്നാണ് അപ്പീലിൽ ബോധിപ്പിക്കുന്നത്.

ശ്രീ. ഗോവിന്ദൻനമ്പൂതിരിയുടെ അപ്പീൽ പരിഗണിച്ച് ടിയാന് കേളേശ്വരം ദേവസ്വം നൽകി ഉത്തരവാകുന്നു.

പ്രസ്തുത സ്ഥലം മാറ്റങ്ങൾ 20/07/2016 മുതൽ പ്രാബല്യത്തിൽ വരുത്തേണ്ടതാണ്.

(ഒപ്പ്)
ദേവസ്വം കമ്മീഷണർ.

അംഗീകാരത്തോടെ,

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ,
(അഡ്മിനിസ്ട്രേഷൻ).

പകർപ്പ്:-
1) സെക്ഷൻ ഫയൽ.
2) ഫെയർ ആഫീസ് കോപ്പി.

ശ്രീ.

ദേവസ്വം കമ്മീഷണർ ആഫീസ്
തിരുവനന്തപുരം, 13/7/2016

ആർ.ഒ.സി. നം: 39/16/മിസ്.ജി.

## ദേവസ്വം കമ്മീഷണറുടെ നടപടി ഉത്തരവ്

വിഷയം:- നെയ്യാറ്റിൻകര ഗ്രൂപ്പിലെ പഞ്ചവാദ്യം ജീവനക്കാരുടെ 2016-17-ലെ പൊതു സ്ഥലം മാറ്റം സംബന്ധിച്ച്.

സൂചന :- മലയിൻകീഴ് ദേവസ്വം പഞ്ചവാദ്യം ശ്രീ.കെ.ഗോപാലകൃഷ്ണൻ, ചെഴുങ്ങാനൂർ ദേവസ്വം പഞ്ചവാദ്യം ശ്രീ.കെ.സദാശിവൻ നായർ, എന്നിവരുടെ അപ്പീൽ അപേക്ഷകൾ.

1. ശ്രീ.. കെ. ഗോപാലകൃഷ്ണൻ. (മലയിൻകീഴ് ദേവസ്വം)

ടിയാൻ പൊതുസ്ഥലം മാറ്റത്തിൽ കീഴവാണ്ട കല്ലംപൊറ്റ, കാട്ടാൽ ശ്രീധർമ്മശാസ്താ ക്ഷേത്രം, മലയിൻകീഴ് ദേവസ്വം എന്നിവടങ്ങളാണ് ആവശ്യപ്പെട്ടിട്ടുള്ളത്. ടിയാൻ ആവശ്യപ്പെടാത്ത ദേവസ്വത്തിലേയ്ക്കാണ് ഇപ്പോൾ മാറ്റിയിട്ടുള്ളത്. ആകയാൽ ടിയാൻ ആവശ്യപ്പെട്ട സ്ഥലത്ത് നൽകുകയോ, ജോലി ചെയ്യുന്ന മലയിൻകീഴ് ദേവസ്വത്തിൽ തുടരാൻ അനുവദിക്കണമെന്നാണ് അപ്പീലിൽ വിവരിച്ചിരിക്കുന്നത്.

ടിയാന്റെ അപ്പീൽ അപേക്ഷ നിരസിച്ച് ഉത്തരവായിരിക്കുന്നു.

2. ശ്രീ. കെ. സദാശിവൻ നായർ. (ചെഴുങ്ങാനൂർ ദേവസ്വം)

ടിയാൻ പൊതു സ്ഥലംമാറ്റത്തിൽ പൊഴിയൂർ ദേവസ്വമാണ് ആവശ്യപ്പെട്ടിട്ടുള്ളത്. ആയതിനാൽ ടിയാന്റെ സീനിയോരിറ്റി പരിഗണിച്ച് പൊഴിയൂർ ദേവസ്വത്തിലേയ്ക്ക് മാറ്റം നൽകണമെന്നാണ് അപ്പീലിൽ വിവരിച്ചിരിക്കുന്നത്.

ടിയാന്റെ അപ്പീൽ പരിഗണിച്ച് പൊഴിയൂർ ദേവസ്വത്തിലേയ്ക്ക് സ്ഥലം മാറ്റി ഉത്തരവാകുന്നു.

ടി സ്ഥലം മാറ്റങ്ങൾ 20-7-2016 മുതൽ പ്രാബല്യത്തിൽ വരുത്തേണ്ടതാണ്.

(ഒപ്പ്)
ദേവസ്വം കമ്മീഷണർ

അംഗീകാരത്തോടെ

Sindhu

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ
(അഡ്മിനിസ്ട്രേഷൻ)

പകർപ്പ്:-

1. അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ, നെയ്യാറ്റിൻകര.
2. സെക്ഷൻഫയൽ.

ശ. 3 EDP Section

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ആർ.ഒ.സി.നം.39/16/മിസ്.ബി.

ദേവസ്വം കമ്മീഷണർ ആഫീസ്,
തിരുവനന്തപുരം: 13/07/2016.

## ദേവസ്വം കമ്മീഷണറുടെ നടപടി ഉത്തരവ്

വിഷയം:- നെയ്യാറ്റിൻകര ഗ്രൂപ്പിലെ തകിൽ ജീവനക്കാരുടെ 2016-17 ലെ പൊതു സ്ഥലം മാറ്റം സംബന്ധിച്ച്.

സൂചന :- ഭരദ്വാജഋഷീശ്വരം ദേവസ്വം തകിൽ ശ്രീ. കെ. അജിത്ത്കുമാറിന്റെ അപ്പീൽ അപേക്ഷ.

ടിയാൻ പൊതു സ്ഥലം മാറ്റത്തിൽ വീരചക്രം, ഒറ്റശ്ശേഖരമംഗലം, നെയ്യാറ്റിൻകര എന്നീ ദേവസ്വങ്ങളാണ് ആവശ്യപ്പെട്ടിട്ടുള്ളത്. ടിയാന്റെ ഒന്നാമത്തെ ചോയിസായ വീരചക്രം ദേവസ്വത്തിൽ സ്ഥലം മാറ്റം നൽകണമെന്നാണ് അപ്പീലിൽ വിവരിച്ചിരിക്കുന്നത്.

ടിയാന്റെ രണ്ടാമത്തെ ചോയിസായ ഒറ്റശ്ശേഖരമംഗലം ദേവസ്വത്തിലേയ്ക്ക് സ്ഥലം മാറ്റിയിട്ടുള്ളതിനാൽ ടിയാന്റെ അപ്പീൽ അപേക്ഷ നിരസിച്ച് ഉത്തരവാകുന്നു.

ടി സ്ഥലം മാറ്റങ്ങൾ 20/07/2016-ൽ പ്രാബല്യത്തിൽ വരുത്തേണ്ടതാണ്.

(ഒപ്പ്)
**ദേവസ്വം കമ്മീഷണർ**

അംഗീകാരത്തോടെ,

Sreelatha

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ,
(അഡ്മിനിസ്ട്രേഷൻ).

**പകർപ്പ്:-**

1) അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ, നെയ്യാറ്റിൻകര.
2) സെക്ഷൻ ഫയൽ.
3) ഫെയർ ആഫീസ് കോപ്പി.
4) EDP Section
ശ്രീ.

സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

**ROC.40/16/MIS-C**

ദേവസ്വം കമ്മീഷണർ ഓഫീസ്
തിരുവനന്തപുരം
**13/ 07 / 2016**

## ദേവസ്വം കമ്മീഷണറുടെ നടപടി ഉത്തരവ്

**വിഷയം:-** നെയ്യാറ്റിൻകര ഗ്രൂപ്പിലെ കഴകം ജീവനക്കാരുടെ **2016-2017-** ലെ പൊതുസ്ഥലം മാറ്റം സംബന്ധിച്ച്.

**സൂചന:-** ഭരദ്വാജഋഷീശ്വരം ദേവസ്വം കഴകം ശ്രീ.പി.സുകുമാരൻ നാടാരുടെ അപ്പീൽ അപേക്ഷ.

പൊതുസ്ഥലം മാറ്റത്തിൽ ടിയാനെ നൈറ്റ് ഡ്യൂട്ടിയുള്ള വെമ്പന്നൂർ ശ്രീകണ്ഠൻശാസ്താ ക്ഷേത്രത്തിലേയ്ക്ക് മാറ്റിയെന്നും, പെൻഷൻ ആകുവാൻ രണ്ട് വർഷക്കാലയളവ് മാത്രമാണുള്ളതെന്നും ടിയാന് ശാരീരിക അസ്വസ്തതകൾ ഉള്ളതാണെന്നും ആയതിനാൽ ഭരദ്വാജഋഷീശ്വരം ദേവസ്വത്തിലോ ഭരദ്വാജ ഋഷീശ്വരം സബ്ഗ്രൂപ്പിൽപ്പെട്ട കരിങ്ങൽ ദേവസ്വത്തിലോ സ്ഥലം മാറ്റം നൽകണമെന്നുമാണ് അപ്പീൽ അപേക്ഷയിലെ ആവശ്യം

ടിയാന്റെ ഒന്നാം ചോയ്സായ വെമ്പന്നൂർ ശ്രീകണ്ഠൻ ശാസ്താ ദേവസ്വം നൽകിയെങ്കിലും ടിയാൻ പെൻഷൻ ആകുവാൻ രണ്ട് വർഷം മാത്രമേ ഉള്ളൂ എന്നത് പരിഗണിച്ച് ടിയാന് കരിങ്ങൽ ദേവസ്വത്തിലേയ്ക്ക് സ്ഥലം മാറ്റം അനുവദിച്ച് ഉത്തരവാകുന്നു.

ഈ ഉത്തരവ് 20.7.2016 മുതൽ പ്രാബല്യത്തിൽ വരുത്തേണ്ടതാണ്

(ഒപ്പ്)
**ദേവസ്വം കമ്മീഷണർ**

**അംഗീകാരത്തോടെ,**

Seelathi

**ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ**
**(അഡ്മിനിസ്ട്രേഷൻ)**

**പകർപ്പ്-**
1. **അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ-നെയ്യാറ്റിൻകര**
2. **സെക്ഷൻ ഫയൽ**
3. **ഫെയർ ഓഫീസ് കോപ്പി**
4. EDP section

RA

ദേവസ്വം കമ്മീഷണർ ആഫീസ്
തിരുവനന്തപുരം, 13/7/2016

ആർ.ഒ.സി. നം: 40/16/മിസ്.സി.

## ദേവസ്വം കമ്മീഷണറുടെ നടപടി ഉത്തരവ്

വിഷയം:- നെയ്യാറ്റിൻകര ഗ്രൂപ്പിലെ തളി ജീവനക്കാരുടെ 2016-17-ലെ പൊതു സ്ഥലം മാറ്റം സംബന്ധിച്ച്.

സൂചന :- കുറുങ്കുട്ടി ദേവസ്വം തളി ശ്രീമതി.കെ.ശാന്തകുമാരി, കീഴവാണ്ട ദേവസ്വം തളി ശ്രീമതി. വി.ശാന്തകുമാരി എന്നിവരുടെ അപ്പീൽ അപേക്ഷകൾ.

1. ശ്രീമതി. കെ. ശാന്തകുമാരി. (കുറുങ്കുട്ടി ദേവസ്വം)

പൊതു സ്ഥലം മാറ്റത്തിൽ ടിയാളെ നെയ്യാറ്റിൻകര ദേവസ്വത്തിലേക്ക് സ്ഥലം മാറ്റിയെന്നും ആയത് ബൈപ്പാസ് സർജറി കഴിഞ്ഞ് ചികിത്സയിലിരിക്കുന്ന ടിയാൾക്ക് ബുദ്ധിമുട്ടാണെന്നും ആകയാൽ നിലവിലിരിക്കുന്ന കുറുങ്കുട്ടി ദേവസ്വത്തില തുടരാനനുവദിക്കണമെന്നുമാണ് അപ്പീലിലെ ആവശ്യം.

ടിയാൾ ആവശ്യപ്പെട്ട ദേവസ്വത്തിൽ മറ്റ് അപേക്ഷകർ ഉള്ളതിനാലും ടിയാൾ ടി ദേവസ്വത്തിൽ നാല് വർഷമായതിനാലും മറ്റ് ഒഴിവുകൾ യാതൊന്നും ഇല്ലാത്തതിനാലും ടിയാളുടെ അപ്പീൽ നിരസിച്ചുത്തരവാകുന്നു.

2. ശ്രീമതി. വി. ശാന്തകുമാരി. (കീഴ്വാണ്ട)

പൊതു സ്ഥലം മാറ്റത്തിൽ ടിയാൾ യോഗീശ്വരസ്വാമി, മങ്കാരമുട്ടം, വീരണകാവ് എന്നീ ദേവസ്വങ്ങൾ ആവശ്യപ്പെട്ടിരുന്നെന്നും എന്നാൽ ആവശ്യപ്പെടാത്തതും ദൂരക്കൂടുതലുള്ള ഭരദ്വാജ ഋഷീശ്വരം ദേവസ്വത്തിലേക്കാണു മാറ്റിയതെന്നും ആകയാൽ ഹൃദയസംബന്ധമായ ചികിത്സയിലിരിക്കുന്ന ഭർത്താവിന്റെ സംരക്ഷണവും യാത്രാ സൗകര്യവും പരിഗണിച്ച് ടിയാൾക്ക് ആവശ്യപ്പെട്ട ദേവസ്വങ്ങളിലേയ്ക്ക് മാറ്റം നൽകണമെന്നാണ് അപ്പീലിലെ ആവശ്യം.

ടിയാൾ ആവശ്യപ്പെട്ടിട്ടുള്ള ആദ്യത്തെ രണ്ടു ദേവസ്വങ്ങളിലും അവിടെ ജോലി നോക്കിയിട്ടില്ലാത്ത അപേക്ഷകർ ഉള്ളതിനാലും ഈ ദേവസ്വങ്ങളിൽ ടിയാൾ മുമ്പ് ജോലി നോക്കിയിട്ടുള്ളതിനാലും മൂന്നാമത്തെ ചോയ്സിൽ ഒഴിവു വരാത്തതിനാലും ടിയാളുടെ അപ്പീൽ അപേക്ഷ നിരസിച്ചും, ഒഴിവുള്ള വെള്ളറട ദേവസ്വത്തിലേയ്ക്ക് സ്ഥലം മാറ്റം നൽകിയും ഉത്തരവാകുന്നു. ഈ ഉത്തരവ് 20.7.2016 മുതൽ പ്രാബല്യത്തിൽ വരുത്തേണ്ടതാണ്

(ഒപ്പ്)
ദേവസ്വം കമ്മീഷണർ

(മറുപുറം)

അംഗീകാരത്തോടെ

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ
(അഡ്മിനിസ്ട്രേഷൻ)

<u>പകർപ്പ്:-</u>

1. അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ, നെയ്യാറ്റിൻകര
2. സെക്ഷൻഫയൽ.
3. ഫെയർ ആഫീസ് കോപ്പി.
4. EDP section